പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1089 — 04.02.2019-ൽ മറുപടിക്ക്

**കണ്ടന്നൂർ മേൽപ്പാലത്തിന്റെ നിർമ്മാണം**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുണ്ടന്നൂരിലെ മേൽപ്പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുണ്ടന്നൂർ ഫ്ളൈ ഓവർ 6 വരി പാതയോടുകൂടി 750 മീറ്റർ നീളത്തിലും 24.1 മീറ്റർ വീതിയിലുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 30 മീറ്റർ നീളത്തിൽ 15 സ്പാനുകളുള്ള ഫ്ളൈ ഓവറിന്റെ ആകെയുള്ള 196 പൈലുകളിൽ 134 പൈലുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 30 പൈൽ ക്യാപ്പുകളിൽ 17 എണ്ണത്തിന്റെ നിർമ്മാണവും 32 പിയറുകളിൽ 18 എണ്ണത്തിന്റെ നിർമ്മാണവും, 16 പിയർ ക്യാപ്പുകളിൽ 6 എണ്ണത്തിന്റെ നിർമ്മാണവും, 120 PSC girder-കളിൽ 6 എണ്ണത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. |
| (ബി). പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അതിരൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സ്ലിപ് റോഡ് നിർമ്മാണം നടന്നുവരുന്നു. അരൂർ ഭാഗത്ത് പടിഞ്ഞാറ് വശത്ത് സ്ലിപ് റോഡ് നിർമ്മാണം 80% പൂർത്തിയായി. |
| (സി). എന്നത്തേക്ക് ഈ മേൽപ്പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | (സി) ഈ പദ്ധതി മാർച്ച് 2020-ൽ പൂർത്തീകരിക്കാനാവും. |

S. Bindu

സെക്ഷൻ ഓഫീസർ